(2) 1981-ലെ കേരള പ്ലാന്റേഷൻ നികുതി (ഭേദഗതി) ബിൽ

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): 1981-ലെ കേരള പ്ലാന്റേഷൻ നികുതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

Mr. Speaker: The bill stands introduced.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഞാൻ ഈ ബിൽ ലാൻഡ് റവന്യൂവും വനവും മൽസ്യബന്ധനവും എന്ന രണ്ടാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയിലേക്ക് വിടണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. മാണി: ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഈ ബിൽ വളരെ ലളിതമായ ഒന്നാണ്. പ്ലാന്റേഷൻ ടാക്സ് ചുമത്തുന്നതിനെ സംബന്ധിച്ച് ഈ ബഡ്ജറ്റ് സെഷനിൽ ധനകാര്യമന്ത്രി ചില നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായി. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇപ്പോൾ സബ്ജക്ട് കമ്മിറ്റിക്ക് വിടാൻവേണ്ടി അവതരിപ്പിച്ച നിയമത്തിൽ നമ്മുടെ കൃഷിക്കാർക്ക് വമ്പിച്ച ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുകയുണ്ടായി. അത് പൊതുവേ ഈ സഭ സ്വാഗതം ചെയ്യുകയുണ്ടായി. ഈ ഭേദഗതി നിയമം നിലവിൽ വരുന്നതോടുകൂടി നമ്മുടെ നാട്ടിലെ കൃഷിക്കാരിൽ ഏതാണ്ട്, ചുരുക്കം ചില പ്ലാന്റേഷൻ വിഭാഗത്തിൽപ്പെട്ട ആളുകളൊഴികെ ബാക്കി മുഴുവൻ ആളുകളും നികുതി കൊടുക്കുന്നതിൽനിന്ന് ഒഴിവാക്കപ്പെടുകയാണ്. നമ്മുടെ നാട്ടിലെ കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കൊണ്ടാണ് വമ്പിച്ച ആനുകൂല്യങ്ങൾ ലഭിക്കുന്ന ഈ നിയമം ഇവിടെ കൊണ്ടുവന്നത്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചത് ഇപ്പോൾ ഒരു വ്യക്തിക്ക് കൈവശമുള്ള മുതലിന് പരിധി നിശ്ചയിക്കുന്നത് ആദ്യത്തെ രണ്ട് ഹെക്ടറുകാരെ ഒഴിവാക്കിക്കൊണ്ടാണ്. രണ്ട് ഹെക്ടർ മുതൽ നാല് ഹെക്ടർവരെ ഹെക്ടറിന് 20 രൂപയും നാല് ഹെക്ടർ മുതൽ 20 ഹെക്ടർവരെ ഹെക്ടറിന് 50 രൂപയും 20 ഹെക്ടറിൽ കവിഞ്ഞ ഓരോ ഹെക്ടറിനും 70 രൂപയുമാണ് കേരളത്തിൽ നികുതി ഈടാക്കി വരുന്നത്. തോട്ടം നികുതിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള പരിധി രണ്ട് ഹെക്ടറിൽനിന്ന് നാല് ഹെക്ടറായി ഉയർത്തി; എല്ലാ ചെറുകിട, ഇടത്തരം കൃഷിക്കാരേയും ഈ നികുതിയിൽനിന്ന് ഒഴിവാക്കുന്നതാണ്. ഇതുപോലെ ഉണ്ടാകുന്ന കൂടുതൽ വരുമാനം പുനർനിർണ്ണയം ചെയ്യുന്നതാണ്. നാല് ഹെക്ടർ വരെ നികുതിയില്ല. നാല് ഹെക്ടർ മുതൽ 8 ഹെക്ടർവരെ ഹെക്ടറിന് 50 രൂപയും 8 ഹെക്ടർ മുതൽ 20 ഹെക്ടർവരെ ഹെക്ടറിന് 60 രൂപയും 20 ഹെക്ടറിൽ കവിഞ്ഞ ഓരോ ഹെക്ടറിനും 90 രൂപയുമാണ് നിരക്കുകൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഈ നിയമം 10-ാം തീയതിയാണ് കൊണ്ടുവന്നിട്ടുള്ളത്. 1980-ലെ നിയമത്തിന്റെ ഷെഡ്യൂളിൽ വരുന്ന മാറ്റങ്ങൾ ഗവൺമെന്റ് കൊണ്ടുവന്നത് ഈ പ്രഖ്യാപനത്തിനുള്ള കാര്യങ്ങളാണ്. 1981 ഏപ്രിൽ ഒന്നാം തീയതി മുതൽ ഈ നിയമം നിലവിൽ വരുന്നതാണ്. ഏപ്രിൽ ഒന്നാം തീയതി മുതൽ ഇതിന്റെ ആനുകൂല്യങ്ങൾ നമ്മുടെ കൃഷിക്കാർക്ക് ലഭിക്കുന്നതാണ്. തോട്ടം വിളകളിൽ, ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്ന വ്യവസ്ഥ അനുസരിച്ച് വലിയ തോട്ടം അല്ലാത്ത ഒന്നിനെയും ബാധിക്കുകയില്ല. 10 ഏക്കറിന് മുകളിൽ തോട്ടമുള്ളവരെ മാത്രമേ ഇത് കാര്യമായി ബാധിക്കുകയുള്ളൂ. അതുകൊണ്ട് വലിയ ആനുകൂല്യങ്ങളാണ് 10 ഏക്കർ (4 ഹെക്ടർ) ന് താഴെയുള്ള കൃഷിക്കാർക്ക് കിട്ടുന്നതെന്ന് മാത്രമല്ല ഇതിനകത്തുതന്നെ നടപ്പാക്കുമ്പോൾ ഒരു ഇടക്കാല വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. ആ ഇടക്കാല വ്യവസ്ഥ അനുസരിച്ചാണെങ്കിൽ കഴിഞ്ഞ നിയമത്തിലുണ്ടായിരുന്ന വ്യവസ്ഥകളിൽനിന്ന് നാല് ഹെക്ടർവരെയുള്ള മുഴുവൻ ആളുകളും ഒഴിവാകുകയും ചെയ്യും. അതേ സമയം നാല് ഹെക്ടറിന് മുകളിൽ 16 ഹെക്ടർ വരെയുള്ള ഒരു ഹെക്ടറിന് 50 രൂപ എന്നുള്ള വ്യവസ്ഥയും അവശേഷിക്കുന്നതിന് ഹെക്ടറിന് 70 രൂപ എന്നും ഇടക്കാലത്ത് കൊണ്ടുവന്നിട്ടുണ്ട്. ഈ സഭയിൽ ഇപ്പോൾതന്നെ ഈ സെക്ഷന്റെ വ്യവസ്ഥയിൽനിന്ന് ഒഴിവാക്കി എന്നാണ് കേട്ടത് അങ്ങനെ ഒഴിവാക്കുമ്പോൾ ഈ സഭയിൽത്തന്നെ ചർച്ചയ്ക്ക് വന്ന ചില പ്രശ്നങ്ങളുണ്ട്. ചില വിഭാഗം തോട്ടക്കാർ വളരെയധികം വൈഷമ്യങ്ങൾ നേരിടുന്നു. അങ്ങനെ വൈഷമ്യങ്ങൾ നേരിടാൻ ഇടയായിട്ടുള്ള തോട്ടവിളകളുടെ നാശം ഗവൺമെന്റിന് ബോധ്യപ്പെടുകയാണെങ്കിൽ അവരെ ഉൾപ്പെടെ വർദ്ധിപ്പിക്കുന്ന ഈ നികുതിയിൽ നിന്ന് ഒഴിവാക്കാനുള്ള വ്യവസ്ഥയാണ് ഈ നിയമത്തിലുള്ളത്. ഏതു വിളകൾക്കാണ് അത് ആവശ്യമെന്ന് ഗവൺമെന്റ് മനസ്സിലാക്കിക്കൊണ്ട് അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനെക്കുറിച്ച് ഇപ്പോൾ കൂടുതലായി ഒന്നും പറയണമെന്ന് വിചാരിക്കുന്നില്ല. ഈ വ്യവസ്ഥകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ വലിയ ചർച്ചക്കൊന്നും വിടാതെ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്നുള്ള മോഷൻ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. രമേശൻ നായർ: സർ, ഈ ബഡ്ജറ്റിന്റെ നിർദ്ദേശമനുസരിച്ച് ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി പ്ലാന്റേഷൻ ടാക്സുകൾ ഭേദഗതി വരുത്തിക്കൊണ്ട് അവതരിപ്പിച്ചിരിക്കുന്ന ഒരു ബില്ലാണിത്. ഈ ബില്ലിനെസംബന്ധിച്ച് പറയുമ്പോൾ സാധാരണ ഈ വസ്തുവിൽ ഉണ്ടാകുന്ന ആദായത്തിൻമേലുള്ള ഒരു കരമാണ് പ്ലാന്റേഷൻ ടാക്സാക്കി ഈടാക്കുന്നത്. എന്നാൽ കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം വിവിധങ്ങളായ ടാക്സുകൾ അവൻ കൊടുക്കുന്നുണ്ട്. ബേസിക് ടാക്സ് കൊടുക്കുന്നുണ്ട്. അതുപോലെ അഗ്രിക്കൾച്ചറൽ ടാക്സും ഇറിഗേഷൻ ടാക്സും കൊടുക്കുന്നുണ്ട്. മറ്റു ടാക്സുകൾ എന്നു പറയുന്നത്, ഈ സെയിൽസ് ടാക്സ് എന്നു പറയുന്നത് പരോക്ഷമായിട്ട് കൃഷിക്കാരനെ ബാധിക്കുന്ന ഒന്നാണ്. അപ്പോൾ അങ്ങനെ വിവിധങ്ങളായ ടാക്സുകൾ കൊടുത്ത് ആകപ്പാടെ കടത്തിൻമേൽ കഴിയുന്ന കൃഷിക്കാരന് കൂനിൻമേൽ കുരു എന്ന പോലെ ആകുകയില്ലേ ഈ ടാക്സുകൾ എന്നു ചോദിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ഇതെല്ലാംകൂടി കണക്കാക്കി ഒരു ഏകമുഖ ടാക്സാക്കിയാൽ കർഷകനെ കുറച്ചെങ്കിലും സഹായിക്കാൻ സാധിക്കുമെന്ന് എനിക്ക് അഭിപ്രായമുണ്ട്. കാലാകാലങ്ങളിൽ വിവിധങ്ങളായ ടാക്സുകൾ കൊടുക്കുന്നതിന് കർഷകർ പെടുന്ന ബുദ്ധിമുട്ട് ഈയവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതുപോലെ നാല് ഹെക്ടർ എന്നു പറയുമ്പോൾ പത്ത് ഏക്കറാണ്. പത്ത് ഏക്കർവരെയുള്ള കൃഷിക്കാർ, പ്ലാന്റേഷൻകാർ, തോട്ടം ഉടമകൾ തുടങ്ങിയവരെ നികുതിയുടെ സീലിംഗിൽനിന്ന് മാറ്റിനിറുത്തിയിരിക്കുന്നത് എതായാലും നല്ലതാണ്, അവർക്ക് അത് ആശ്വാസപ്രദവുമാണ്. അതുകൊണ്ട് ഈ ബില്ലിൽ പറയുന്ന രീതിയിൽ ടാക്സ്

LIBRARY ARCHIVES Kerala Legislative Assembly

അസ്സസ്സ്ചെയ്യുന്ന അവസരത്തിൽ ഒരുകാര്യംകൂടി പരിഗണിക്കേണ്ടതുണ്ട്. ഇന്ന് കൃഷിവകുപ്പിന്റെ കീഴിൽ പല സ്ഥലങ്ങളിലും അഗ്രിക്കൾച്ചറൽ ഡെമോൺസ്ട്രേഷൻ ഉണ്ട്. ഇവിടത്തെ ഉൽപ്പാദനച്ചെലവ് എന്താണെന്ന് ആ ഡിപ്പാർട്ടുമെന്റിനു അറിയാം. അതിന്റെ അടിസ്ഥാനത്തിലായിരിക്കണം വസ്തുക്കളുടെ ആദായം കണക്കാക്കേണ്ടത്. ഈ പ്ലാന്റേഷൻ ടാക്സ് കണക്കാക്കുന്നത് ഈ ബില്ലിൽ കൊടുത്തിരിക്കുന്നത് അനുസരിച്ച് ഏക്കറിന്റെ അടിസ്ഥാനത്തിലാണ്, ആദായത്തിന്റെ അടിസ്ഥാനത്തിലല്ല. ഒരേക്കറിൽ വസ്തുവിൽ തെങ്ങ് ഉണ്ടായിരിക്കും, റബർ ഉണ്ടായിരിക്കും അല്ലെങ്കിൽ കമുക് ഉണ്ടായിരിക്കും. കമുകിനും തെങ്ങിനും റബറിനും ഒരുപോലെയാണ് ഇവിടെ ടാക്സ് നിശ്ചയിച്ചിരിക്കുന്നത്. അത് ശരിയായിട്ടുള്ള ഒരു രീതിയല്ല എന്ന് എനിക്ക് അഭിപ്രായം ഉണ്ട്. കമുകിനാണെങ്കിൽ വളരെയധികം ആദായം കിട്ടുകയില്ല. ഈ മൂന്നു കൃഷികളിൽനിന്ന് കിട്ടുന്ന ആദായം വ്യത്യസ്തമാണ്. വ്യത്യസ്തമായ ആദായം കിട്ടുന്ന വസ്തുക്കൾക്ക് അതിന്റെ അടിസ്ഥാനത്തിൽ ടാക്സ് നിശ്ചയിക്കുന്നത് ശരിയായ നടപടിയായിരിക്കുമെന്ന് എനിക്ക് അഭിപ്രായം ഉണ്ട്. അതുപോലെതന്നെ ഒരേക്കറിൽ ഇത്ര തെങ്ങ് എന്ന് കണക്കാക്കേണ്ടതാണ്. ഇരുപത്തിയഞ്ചു മൂടു തെങ്ങ് ഉണ്ടായിരുന്നാലും അത് തോട്ടമാണ്, അതേയവസരത്തിൽ നൂറോ അതിൽ കൂടുതലോ തെങ്ങ് ഉണ്ടായിരുന്നാലും അതും തോട്ടമാണ്. ഇതിനെയെല്ലാം ഒരുപോലെ കണക്കാക്കിക്കൊണ്ട് ടാക്സ് കണക്കാക്കുന്നത് ശരിയല്ല. അത്തരത്തിലുള്ള ഒരു സമീപനമാണ് ഈ ബില്ലിൽ കാണുന്നത്. അത് ശരിയായിട്ടുള്ള സമീപനമല്ല എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, കൃഷിക്കാരന് വളരെ വലിയ ആനുകൂല്യങ്ങളാണ് നൽകിയിരിക്കുന്നത് എന്നുള്ള അർത്ഥത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഇവിടെ സംസാരിച്ചിരിക്കുന്നത്. കൃഷിക്കാരെ സംബന്ധിക്കുന്ന അഗ്രിക്കൾച്ചർ ഇൻകംടാക്സ് ഭേദഗതി ബില്ലിനെസംബന്ധിച്ച് വിദഗ്ധൻമാരായ ധാരാളം മെമ്പറൻമാർ ഇവിടെ സംസാരിച്ചു. കൃഷിക്കാരെ സംബന്ധിച്ച് വളരെയേറെ ഭാരിച്ച പലതരത്തിലുള്ള നികുതികളും കൊടുക്കേണ്ട ഒരു സ്ഥിതിവിശേഷം ഇന്ന് സംസ്ഥാനത്ത് ഉണ്ട്. പ്ലാന്റേഷൻ ടാക്സ്, അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്, പ്രൊഫഷൻ ടാക്സ് അതുപോലെതന്നെ ഭൂനികുതി, പഞ്ചായത്തുനികുതി അതിനും പുറമെ സെയിൽസ് ടാക്സ്, ഹൗസ് ടാക്സ് ഇങ്ങനെ നിരവധി നികുതികളും ഉണ്ട്. ഇപ്പോൾ കൃഷിക്കാരെസംബന്ധിച്ചിടത്തോളം കാർഷിക ചെലവിന്റെ കാര്യം പറയുന്നുണ്ട്. കാർഷികച്ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വളത്തിനായാലും കൃഷിക്കാർക്ക് ആവശ്യമായ സാധനങ്ങൾക്കും കാർഷിക ഉപകരണങ്ങൾക്കുമൊക്കെ വില അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. അതുപോലെതന്നെ ഭാരിച്ച കൂലി. കൂലി കൊടുക്കണ്ട എന്നല്ല ഞാൻ പറയുന്നത്, കൂലി കൊടുക്കണം, പക്ഷെ അതനുസരിച്ചുള്ള ആനുകൂല്യം കൃഷിക്കാരന് ലഭിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. നികുതിഭാരം കർഷകനെ എല്ലാത്തരത്തിലും ഞെരുക്കുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് ഈ സംസ്ഥാനത്ത് ഉണ്ട്. ഇതിൽനിന്നും കർഷകനെ ഒന്നു മോചിപ്പിച്ച് എടുക്കുന്നതിനുവേണ്ടി, കർഷകന്റെ ആളുകളെന്നവകാശപ്പെടുന്ന ഭരണമുന്നണി ഒരു നിശ്ചിത ഭൂപരിധിവരെയുള്ള കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള എല്ലാ നികുതികളിൽനിന്നും പൂർണ്ണമായി ഒഴിവാക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ വളരെ ഗൗരവമായി പറയുകയാണ്. വയനാട്ടിലെ കൃഷിക്കാരെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്കും അതുപോലെ മറ്റു മന്ത്രിമാർക്കും നിയമസഭാസാമാജികൻമാർക്കും അറിയാവുന്നതാണ്. വയനാട്ടിലെ പ്രത്യേക സാഹചര്യം മാത്രമല്ല; പൊതുവേ കാർഷികോൽപ്പന്നങ്ങളെ സംബന്ധിച്ചുള്ള വിലയിടിവ് ദൈനംദിനം കൃഷിക്കാരനെ ഞെക്കുന്ന ഈ അവസരത്തിൽ ഭൂപരിധിവരെ ഭൂമി കൈവശമുള്ള കൃഷിക്കാരെ സംബന്ധിച്ചിടത്തോളം നികുതിഭാരത്തിൽനിന്ന് മോചിപ്പിക്കുന്നതിനുവേണ്ടി; പൂർണ്ണമായി ഇന്നുള്ള വിവിധ നികുതികളിൽനിന്നും ഒഴിവാക്കി നികുതി ഏകമുഖമാക്കണം. കൃഷിക്കാരന് വലിയ ബുദ്ധിമുട്ടില്ലാത്ത തരത്തിൽ, നികുതികളെക്കുറിച്ച് ശാസ്ത്രീയമായി പഠനം നടത്തി: കൃഷിക്കാരെ രക്ഷിക്കാനുള്ള ഏർപ്പാട് ബഹുമാനപ്പെട്ട സർക്കാർ ഉണ്ടാക്കണം. ഇവിടെ അഗ്രിക്കൾച്ചറൽ ഇൻകംടാക്സിന്റെ കാര്യം പറഞ്ഞു. വളരെ അശാസ്ത്രീയമായ തരത്തിലാണ് അഗ്രിക്കൾച്ചർ ഇൻകംടാക്സ് കണക്കാക്കുന്നത്. അശാസ്ത്രീയമായ നികുതികളെ സംബന്ധിച്ചിടത്തോളം അതിന്റെ സ്വഭാവം പരിശോധിച്ച് കൃഷിക്കാരന് വലിയ ബുദ്ധിമുട്ടില്ലാത്ത തരത്തിൽ ഏകമുഖമായ ഒരു നികുതി ഭൂപരിധിവരെയുള്ള കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം ഉണ്ടാകണം എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. എ. കുര്യൻ: ഈ ഭേദഗതിബില്ലിനെ ഞാൻ പിന്താങ്ങുന്നു. എന്നാൽ ഇങ്ങനെ നിയമം പാസ്സാക്കിയതുകൊണ്ട് തുണ്ടുതുണ്ടായി ഭൂമികൾ വിഭജിക്കുന്നതിനുള്ള സാഹചര്യം കഴിഞ്ഞകാലങ്ങളിൽ നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുണ്ട്. ഏലം തോട്ടങ്ങൾ റബർ തോട്ടങ്ങൾ ഇവയെല്ലാം പരിശോധിച്ചുകഴിഞ്ഞാൽ പ്ലാന്റേഷൻ ലേബർ ആക്ടിനെ ബാധിക്കുന്ന എസ്റ്റേറ്റുകൾ നമ്മുടെ രാജ്യത്ത് വളരെ കുറവാണ്. എന്നാൽ പ്ലാന്റേഷൻ ലേബർ ആക്ട് ഒരുകാലത്ത് ബാധകമാക്കിയിരുന്ന എസ്റ്റേറ്റുകൾ തുണ്ടുതുണ്ടായി വിഭജിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്ന് ഇങ്ങനെയുള്ള നിയമം മുഖാന്തിരം കൂടുതൽ തുണ്ടുതുണ്ടായി വിഭജിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി. നമ്മൾ ചർച്ചചെയ്ത് പാസ്സാക്കി കമ്മിറ്റിക്കയച്ച ബില്ലുണ്ടല്ലോ. അവിടെയും ഏക്കറിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുകയാണ്. അഞ്ഞൂറ് ഏക്കറുള്ള ആളിന്റെ ഭാര്യക്കും മകനും മകന്റെ ഭാര്യക്കും മകൾക്കും മകളുടെ ഭർത്താവിനും ഒക്കെ വീതിച്ചുകഴിഞ്ഞാൽ ഏക്കറിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ചാൽ ആദായം ഉണ്ടാകും. അത് ശരിയായ ഒരു സമീപനമാണോ എന്ന് ചോദിച്ചാൽ ശരിയാണെന്നു തീർത്തു പറയാൻ എനിക്ക് കഴിയില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കുര്യന് കുറച്ചുകൂടി സമയം വേണ്ടിവരുമായിരിക്കും. അതുകൊണ്ട് കുറച്ചുകൂടി വിശദമായിട്ട് നോക്കിയിട്ട് നാളെ സംസാരിക്കാം.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാകുന്നു.

1981 ആഗസ്റ്റ് 19-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1.30-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly